പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 106 — 23.01.2018 ൽ മറുപടിക്ക്

## അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21.02.2017 ലെ സ.ഉ.(കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ എസ് ഐ ഡി സി ഒരു താൽപര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25.09.2017 ലെ 76/2017/ഗതാ നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ എസ് ഐ ഡി സി ധാരണാ പത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ധാരണാപത്രം പ്രകാരം പഠനം ആരംഭിച്ച് നാലു മാസത്തിനുള്ളിൽ പഠന റിപ്പോർട്ടും 9 മാസത്തിനുള്ളിൽ പാരിസ്ഥിതിക അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) ഇതിനായി ഏതൊക്കെ സ്ഥലങ്ങളാണ് അന്തിമ പട്ടികയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; എന്തൊക്കെ | (ബി) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സംഘം പ്രാഥമിക പരിശോധന നടത്തിയ 6 സ്ഥലങ്ങളുടെ പേരുവിവരം |

നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

മുൻഗണനാക്രമത്തിൽ തയ്യാറാക്കി സമർപ്പിച്ചത് താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | സ്ഥലങ്ങളുടെ പേരുവിവരം |
|---|---|
| 1 | ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് (ചെറുവള്ളി എസ്റ്റേറ്റ്) |
| 2 | ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം കോട്ടയം (പ്രൊപ്പോസ് എസ്റ്റേറ്റ്) |
| 3 | ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം (വെള്ളനാടി എസ്റ്റേറ്റ്) |
| 4 | ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട |
| 5 | കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട |
| 6 | കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട |

21.07.2017 ലെ 60/2017/ഗതാഗതം നമ്പർ സർക്കാർ ഉത്തരവിലൂടെ ചെറുവള്ളി എസ്റ്റേറ്റിനെ ശബരിമല വിമാനത്താവള പദ്ധതിക്കനുയോജ്യമായ സ്ഥലമായി തിരഞ്ഞെടുത്ത് ഉത്തരവായിട്ടുണ്ട്.

(സി) വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ പൂർത്തിയാക്കി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

(സി) തിരഞ്ഞെടുക്കപ്പെട്ട കൺസൽട്ടന്റിന്റെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

SR

സെക്ഷൻ ഓഫീസർ